ത്തണോ, രീതിയിൽ മാറ്റം വരുത്തണോ എന്നുള്ള കാര്യം പഠിച്ച് സഭയിൽ റിപ്പോർട്ട് നൽകിയാൽ അത് പരിശോധിക്കാം.

ശ്രീ. കെ.സി. ജോസഫ് : ഞാൻ ചെയർമാനായിരുന്ന കമ്മിറ്റി ഇതുപഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വീണ്ടും കൊടുക്കേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : അങ്ങയുടെ റിപ്പോർട്ടു ഒന്നുകൂടി ഈ കമ്മിറ്റി പഠിക്കട്ടെ. പ്രസന്റ് കമ്മിറ്റിയുണ്ടല്ലോ. അവരാണ് ആധികാരികമായി ഇപ്പോൾ പറയേണ്ടത്.

ശ്രീ. ടി.എം. ജേക്കബ് : സർ, ആദ്യനിയമസഭകളിലൊന്നും ഇത്രമാത്രം പ്രൈവറ്റ് മെമ്പേഴ്സ് ബില്ല് കൊണ്ടുവരാറില്ലായിരുന്നു. ഞാൻ അഞ്ചാം കേരള നിയമസഭയിലുണ്ടയിരുന്ന ആളാണ് എനിക്ക് നല്ല ഓർമ്മയുണ്ട്.

മി. സ്പീക്കർ : അത് ശരിയാണ്.

ശ്രീ. ടി.എം. ജേക്കബ് : ഇപ്പോൾ റെസലൂഷൻസിനേക്കാൾ കൂടുതലാണ് ബില്ലുകൾ. പ്രൈവറ്റ് മേമ്പേഴ്സിന് വിഷയമില്ലാതായിരിക്കുകയാണ്.

മി. സ്പീക്കർ : ബില്ലുകളുടെ ഒരു പ്രവാഹമാണിപ്പോൾ. പക്ഷെ ചെയർ അത് നിരുത്സാഹപ്പെടുത്തുന്നില്ല. വരട്ടെ, ബില്ലുകൾ വന്നോട്ടെ.

ശ്രീ. ജി. കാർത്തികേയൻ : ഇവിടെ ബഹുമാനപ്പെട്ട ടി.എം. ജേക്കബ് പറഞ്ഞ വിഷയത്തെക്കുറിച്ച് അങ്ങയുടെ റൂളിംഗ് വേണമെന്ന് പറയുന്നില്ല. ഏതുവിഷയത്തെക്കുറിച്ചും സ്വകാര്യബില്ല് കൊണ്ടുവരാമെന്നുള്ള സമീപനം തെറ്റാണ്. ഞാനിപ്പോൾ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. പക്ഷെ അതിന് ഡയറക്ഷൻ വേണമെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം.

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : ഈ പറഞ്ഞതൊക്കെക്കൂടി പരിഗണിച്ച് അടുത്ത സെക്ഷനിൽ ഇതിനെപ്പറ്റി സമഗ്രമായ ഒരു റിപ്പോർട്ട് തരാം.

മി. സ്പീക്കർ : ശരി. അപ്പോൾ നമുക്ക് ബില്ലുകളുടെ അവതരണാനുമതിക്കുള്ള കാര്യം ആദ്യമെടുക്കാം. അതിന് 5 മിനിറ്റ് ആണ് ആദ്യം അനുവദിച്ചിട്ടുള്ളത്. തുടർചർച്ചയ്ക്കു മൂന്നു ബില്ലുകൾ വരുന്നുണ്ട്.

X. അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 1999-ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ബിൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : 1999-ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.†

ശ്രീ. ബാബു ദിവാകരൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ഇതുസംബന്ധിച്ച് നിരവധി നിയമങ്ങൾ ഇന്നുതന്നെ നിലവിലുണ്ട്. ഇവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനും മിശ്രവിവാഹിതർക്ക് പ്രത്യേകസഹായങ്ങൾ കൊടുക്കുന്നതിനുമൊക്കെ നിയമമുണ്ട്. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യം ഉദിക്കുന്നില്ല.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. പി.പി. സുലൈമാൻ റാവുത്തർ സംസാരിക്കുന്നതിനുമുമ്പ് ഒരു അനൗൺസ്മെന്റുണ്ട്. ശ്രീ. ഇ.എം. അഗസ്തിയും, ശ്രീ. ആര്യാടൻ മുഹമ്മദും തന്ന കത്തുകളുടെ അടിസ്ഥാനത്തിൽ ഒരു കാര്യം പറയുകയാണ്. സഹകരണബില്ലു സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച ഭേദഗതി കൊടുക്കുന്നതിന് 18.12.1999 ആണ് നിശ്ചയിച്ചിരുന്നത്. 13-ാം തീയതിയാണ് അത് അവതരിപ്പിച്ചത്. ദിവസം ആവശ്യംപോലെയുണ്ട്. 18.12.99-ന് 3 മണിവരെയാണ് സമയം നിശ്ചയിച്ചിരുന്നത്, അത് ദീർഘിപ്പിക്കണമെന്ന് കത്ത് ലഭിച്ചിട്ടുണ്ട്. അത് 19.12.99-ന് 3 പി.എം.വരെ എക്സ്റ്റെന്റ് ചെയ്യാൻ ഞാൻ ഇതിനകം ഉത്തരവ് കൊടുത്തിരുന്നു. അതിരിക്കട്ടെ. അതിനകം പരമാവധി തരിക. അതിനുശേഷം വരുന്നതും സ്വീകരിക്കാവുന്നതാണ്. അത് സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. സമയമില്ലാത്തതുകൊണ്ട് ബുള്ളറ്റിൻ നൽകാൻ നിർവാഹമില്ല എന്നു പറയുകയാണ്. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനസൗകര്യത്തിനുവേണ്ടി പരമാവധി നേരത്തെ തരിക.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിന്റെ തനതും സങ്കീർണ്ണവുമായ ഒരു സാമൂഹ്യപ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ ബില്ലിന്റെ അവതരണത്തിലൂടെ ശ്രമിക്കുന്നത്. മതങ്ങൾ തമ്മിലുള്ള സഹിഷ്ണുതയും, മതങ്ങൾക്കുള്ളിലെ വൈരവും ഉൾക്കൊള്ളുന്ന ഒരു വിചിത്രഭാവമാണ് നമ്മുടെ സാമൂഹ്യ സംഘടനയ്ക്കുള്ളത്. മതങ്ങൾ തമ്മിലുള്ള സഹിഷ്ണുതയും സൗഹൃദവുമെല്ലാം ഉപരിതല സ്പർശിയായിട്ടുള്ളതുമാത്രമാണ്. മതങ്ങളെയും ജാതികളെയും ദൈവത്തെതന്നെയും നിഷേധിക്കുന്നവരുടെ മനസ്സിലും ജാതിയും മതവും സ്വാധീനം ചെലുത്തി നിൽക്കുകയാണ്. വിവാഹവും തദ്ജന്യമായ കുടുംബജീവിതവും നിയതമായ ഒരു സാമൂഹ്യക്രമത്തിന്റെ വികാസ പുരോഗതിയിൽ രൂപപ്പെട്ടുവന്നിട്ടുള്ളതാണ്. സ്വയംവരവും ഗാന്ധർവവിവാഹവുമെല്ലാം നമ്മുടെ വിവാഹ സങ്കൽപ്പത്തിന്റെ ഭാഗമായി നിലനിൽക്കുമ്പോഴും മാതാപിതാക്കൾ ക്രമപ്പെടുത്തുന്ന വിവാഹം നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ മുഖ്യധാരണയിലാണ് നിൽക്കുന്നത്. എല്ലാ മതങ്ങളും ഒന്നാണെന്നും, എല്ലാ മതങ്ങളും നമ്മെ നയിക്കുന്നത് ഒരു കേന്ദ്ര ബിന്ദുവിലേയ്ക്കാണെന്നും നാം പറയുമ്പോഴും സ്വന്തം മതത്തോടും, ജനവിഭാഗങ്ങളോടും ഒരു പ്രത്യേകതാൽപ്പര്യം ആരുമറിയാതെ പലരും മനസ്സിൽ കരുതി വയ്ക്കാറുണ്ട്. എന്നെങ്കിലും എരിയാനും ആളിപ്പടരാനും കഴിയുന്ന വർഗ്ഗീയതയുടെ ഒരു മങ്ങിയ കനൽ എല്ലാവരുടെയും മനസ്സിൽ ചാരംമൂടിക്കിടക്കുന്നു എന്നുള്ളതാണ് സത്യം. ഈ കനൽ അണയ്ക്കുവാൻ മിശ്രവിവാഹത്തിന് കഴിയുമെന്ന് ഞാൻ കരുതുന്നു. ഒരാൾ ഒരു മതത്തിന്റെ ഭാഗമായി മാറുന്നത് കേവലം യാദൃശ്ചികമായ നിയോഗമാണ്. ഇത് ചിലപ്പോൾ സ്വയം ബോധ്യപ്പെട്ടിട്ടുള്ള.....

ശ്രീ. വി.സി. കബീർ : അവിവാഹിതനായ ബഹുമാനപ്പെട്ട സുലൈമാൻ റാവുത്തർ മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കണമെന്ന് ഒരു പ്രമേയം അവതരിപ്പിച്ച് ബില്ലിനുവേണ്ടി സംസാരിക്കുകയാണ്. ഈ ബിൽ പാസ്സായതിനുശേഷമെങ്കിലും അദ്ദേഹം ഒരു വിവാഹത്തിന് തയ്യാറാകുമോ എന്നാണ് എനിക്കറിയേണ്ടത്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : എന്റെ ഒരു സാമൂഹിക കാഴ്ചപ്പാടിന്റെ ഭാഗമാണ് ഞാൻ പറയുന്നത്. ജാതിമത ദ്വേഷ ചിന്തകളുടെ പുറന്തോട് പൊട്ടിച്ച് പുറത്ത് കടക്കുമ്പോഴാണ് മനുഷ്യന് വിശാലതയിലേയ്ക്കും വിശ്വമാനവികതയിലേയ്ക്കും മുന്നേറാൻ കഴിയുന്നത്. സങ്കുചിത ജാതിമത

LIBRARY ARCHIVES Kerala Legislative Assembly

ചിന്തകളെ നിഷേധിക്കുവാനും വിഭാഗീയതകൾക്കപ്പുറം മനുഷ്യന്റെ യോജിപ്പ് രൂപപ്പെടുത്തുവാനും മിശ്രവിവാഹങ്ങൾ ഉപകരിക്കും.

ശ്രീ.ജോണി നെല്ലൂർ : അങ്ങ് മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കണം എന്നുള്ള അർത്ഥത്തിലാണല്ലോ സംസാരിക്കുന്നത്. മിശ്രവിവാഹം നടത്തുന്ന ആളുകളിൽ ഏതെങ്കിലും ഒരു ഭാഗം പുരുഷനോ സ്ത്രീയോ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളാണെങ്കിൽ ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട പുരുഷനോ സ്ത്രീയോ അല്ലാതെ മറ്റു സമുദായത്തിൽപ്പെട്ട ആളുകൾ മിശ്രവിവാഹം നടത്തുമ്പോൾ അവർക്കുകൂടി അതുപോലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം എന്നുള്ള കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : പട്ടികജാതി പട്ടികവർഗ്ഗമല്ലാത്ത മിശ്രവിവാഹങ്ങൾക്കും സർക്കാരിന്റെ ചില ആനുകൂല്യങ്ങൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ ഈ വിഷയത്തിലൂടെ മുന്നോട്ട് വയ്ക്കുന്നത് കേവലം സർക്കാരിന്റെ ആനുകൂല്യങ്ങളെക്കുറിച്ച് മാത്രമല്ല ഒരു സാമൂഹിക പ്രശ്നം എന്നുള്ള നിലയിലാണ്. മിശ്ര വിവാഹങ്ങളോട് പുലർത്തുന്ന അസഹിഷ്ണുത ചരിത്ര യാഥാർത്ഥ്യങ്ങളുടെ നിഷേധമാണ്. കടൽ കടന്ന് ഭാരത മണ്ണിൽ എത്തിയ മുസ്ലീം ക്രൈസ്തവ മതപ്രചാരകർ ഭാരത സ്ത്രീകളെ വിവാഹം കഴിക്കുകയും അങ്ങനെയൊരു കുടുംബവും സാമൂഹവും പടുത്തുയർത്തുകയുമാണ് ഇവിടെ ചെയ്തിട്ടുള്ളത്. ഈ മിശ്ര വിവാഹ ദമ്പതികൾ കുടുംബത്തിലും സമൂഹത്തിലും പൊതുവേ അനുഭവിക്കുന്ന അവഗണനയും പീഢനവും ഒറ്റപ്പെടുത്തലും അത് രൂപപ്പെടുത്തുന്ന ഒരു സാമൂഹ്യ പ്രശ്നം ആ സാമൂഹിക പ്രശ്നത്തിലേയ്ക്കാണ് ഈ ബില്ലിന്റെ അവതരണത്തിലൂടെ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നത്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : മിശ്ര വിവാഹങ്ങളുടെ ബിൽ ശ്രീ. പി.പി. സുലൈമാൻ റാവുത്തർ ആണ് അവതരിപ്പിച്ചത്. യഥാർത്ഥത്തിൽ മിശ്രവിവാഹം നടത്തിയ ചില ആളുകൾ ഈ സഭയിൽ ഇരിപ്പുണ്ട്. ശ്രീമതി ഗൗരിയമ്മ, ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ, ഡോ. എം.എ. കുട്ടപ്പൻ, ശ്രീമതി സുശീലാ ഗോപാലൻ തുടങ്ങിയ മിശ്രവിവാഹക്കാരുണ്ട്. ഇവരാണതിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചും അല്ലെങ്കിൽ നേട്ടങ്ങളെക്കുറിച്ചുമൊക്കെ പറയേണ്ടത്.

ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ : സർ, ഇതൊരു തെറ്റായ ധാരണയാണ്. മിശ്രവിവാഹത്തിൽ ഒരു ബുദ്ധിമുട്ടുമില്ല. അത് കമ്മ്യൂണൽ ഹാർമണിക്ക് വളരെയധികം നല്ലതാണ്. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്നു പറയുന്നത് ആവശ്യമില്ലാത്ത ഒരു തെറ്റിദ്ധാരണയാണ്.

(2) 1999-ലെ കേരള പ്രൊഫഷണൽ നാടക ട്രൂപ്പ് രജിസ്ട്രേഷനും നാടക കലാകാരൻമാർക്ക് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തലും ക്ഷേമനിധി സംസ്ഥാപനവും ബിൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 1999-ലെ കേരള പ്രൊഫഷണൽ നാടക ട്രൂപ്പ് രജിസ്ട്രേഷനും നാടക കലാകാരന്മാർക്ക് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തലും ക്ഷേമനിധി സംസ്ഥാപനവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ
ബിൽ നമ്പർ 220

അനുബന്ധം V

1999ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ എം.എൽ.എ.
നോട്ടീസ് നൽകിയത്)

LIBRARY ARCHIVES Kerala Legislative Assembly

1036/2010

പത്താം കേരള നിയമസഭ

ബിൽ നമ്പർ 220

1999-ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ എം.എൽ.എ.
നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് മിശ്രവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ദമ്പതികൾക്ക് സംരക്ഷണമേകുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ

പീഠിക .- കേരള സംസ്ഥാനത്ത് നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ജാതിമത വിഭാഗീയതയ്ക്ക് തീവ്രത കുറഞ്ഞിട്ടുണ്ട് എന്നിരിക്കിലും നില വിലും ജാതിമത വിഭാഗീയത വ്യക്തികളുടേയും സമൂഹത്തിന്റേയും പുരോഗ തിയെ തടയുകയും മാനവികതയുടെ വികാസനത്തിന് വിഘാതം വരുത്തു കയും ചെയ്യുന്ന അവസ്ഥ നിലനിൽക്കയാലും അടുത്തകാലത്തായി മിശ്രവി വാഹിതരെ ഒറ്റപ്പെടുത്തുന്നതിലൂടെയും മറ്റും പീഢനങ്ങൾക്ക് വിധേയമാ കുന്ന സംഭവങ്ങൾക്ക് നൈരന്തര്യം ഉളവായിട്ടുള്ളത് ഇല്ലായ്മ ചെയ്യേണ്ടതാവ ശ്യമാകയാലും മിശ്രവിവാഹങ്ങൾ ജാതിമതവിഭാഗീയ ചിന്തകൾക്കതീതമാ യതും മാനവീകതയിലധിഷ്ഠിതവുമായ സാമൂഹ്യവ്യവസ്ഥയ്ക്ക് വഴിതെളിക്കു മെന്നിരിക്കയാലും മിശ്രവിവാഹതർക്ക് പ്രോത്സാഹനം സംരക്ഷണവും നൽകേണ്ടതാവശ്യമാണെന്നിരിക്കയാലും

ഭാരത റിപ്പബ്ലിക്കിന്റെ 50-ാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .- (1) ഈ ആക്ടിന് 1999-ലെ കേരള മിശ്രവിവാഹ പ്രോത്സാഹന ആക്ട് എന്ന് പേരുപറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കു ന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ .- ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) 'മിശ്രവിവാഹം' എന്നാൽ വ്യത്യസ്ത ജാതിയിലോ മത ത്തിലോപെട്ട അവിവാഹിതരും പ്രായപൂർത്തി എത്തിയവരുമായ സ്ത്രീയും പുരുഷനും നിയമപരമായി ഭാര്യാഭർത്താക്കന്മാരാകുന്ന ചടങ്ങ് അഥവാ പ്രക്രിയ എന്നർത്ഥമാകുന്നു.

(ബി) 'മിശ്രവിവാഹിതർ' എന്നാൽ പ്രായപൂർത്തിയായ വിഭിന്ന ജാതിയിലോ മതത്തിലോപെട്ട സ്ത്രീയും പുരുഷനും സിവിൽ മാര്യേജ് ആക്ട് അനുസരിച്ചോ/മറ്റേതെങ്കിലും നിയമമനുസരിച്ചോ വിവാഹിതരായി ഭാര്യാഭർത്താക്കന്മാരായി കഴിയുന്നവർ എന്നർത്ഥമാകുന്നു.

(സി) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥ മാകുന്നു.

(ഡി) 'വെൽഫെയർ ഓഫീസർ' എന്നാൽ ഈ ആക്ടിന്റെ 4-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ജില്ലാ വെൽഫെയർ ഓഫീസറോ സ്റ്റേറ്റ് വെൽഫെയർ ഓഫീസറോ എന്നർത്ഥമാകുന്നു.

3. വെൽഫെയർ ഓഫീസറെ നിയമിക്കുമെന്ന് .- (1) ഈ ആക്ടിന്റെ നടത്തിപ്പിലേക്കായി സർക്കാർ ജില്ലാ വെൽഫെയർ ഓഫീസർമാ രെയും സംസ്ഥാന വെൽഫെയർ ഓഫീസറേയും നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. മിശ്രവിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് - (1) ഈ ആക്ട് നിലവിൽ വരുന്ന തീയതി മുതൽ കേരള സംസ്ഥാനത്ത് നടത്തുന്ന മിശ്രവിവാഹങ്ങൾ അതാതു ജില്ലകളിൽ ഈ ആക്ടിന്റെ നടത്തിപ്പിലേയ്ക്കായി നിയമിതനായിട്ടുള്ള വെൽഫെയർ ഓഫീസർ അറിയിക്കേണ്ടതും, വിവാഹം രജിസ്റ്റർ ചെയ്യുവാൻ നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അപേക്ഷ നൽകേണ്ടതുമാണ്.

(2) 5-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുവാൻ ലഭിക്കുന്ന അപേക്ഷ ലഭിച്ചുകഴിഞ്ഞാലുടൻ നിശ്ചിത ദിവസങ്ങൾക്കകം യുക്തമായ അന്വേഷണങ്ങൾ നടത്തി ജില്ലാവെൽഫെയർ ഓഫീസർ സംസ്ഥാന വെൽഫെയർ ഓഫീസർക്ക് അന്വേഷണറിപ്പോർട്ടും വിവാഹം രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ടോ ഇല്ലയോ എന്ന ശുപാർശ കാര്യകാരണ സഹിതം നൽകേണ്ടതാണ്.

(3) സ്റ്റേറ്റ് വെൽഫെയർ ഓഫീസറോ ജില്ലാ വെൽഫെയർ ഓഫീസറോ ശുപാർശകൾ പരിഗണിച്ച് യുക്തമായ അന്വേഷണങ്ങൾക്കുശേഷം നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രജിസ്റ്ററിൽ മിശ്രവിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(4) സ്റ്റേറ്റ് വെൽഫെയർ ഓഫീസർ മിശ്രവിവാഹിതർക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(5) സ്റ്റേറ്റ് വെൽഫെയർ ഓഫീസറുടെ രജിസ്ട്രേഷൻ സംബന്ധിച്ച തീർപ്പിൽ ആർക്കെങ്കിലും ആവലാതിയുള്ളപക്ഷം പന്ത്രണ്ട് മാസങ്ങൾക്കകം സംസ്ഥാന സർക്കാരിന് അപ്പീൽ നൽകേണ്ടതാണ്.

(6) അപ്പീൽ സംബന്ധിച്ച സമയപരിധിയിൽ ഇളവ് വരുത്തുവാൻ സർക്കാരിന് വിവേചനാധികാരമുണ്ടായിരിക്കുന്നതാണ്.

5. മിശ്രവിവാഹിതർക്ക് സംരക്ഷണത്തിനും ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുമെന്ന് .- (1) ആവശ്യമെന്നു തോന്നുന്നപക്ഷം മിശ്രവിവാഹിതർക്ക് പ്രത്യേക പോലീസ് സംരക്ഷണം നൽകേണ്ടതാണ്.

(2) സ്ഥലംമാറ്റം ക്വാർട്ടേഴ്സുകളുടെ അനുവദിക്കൽ, ഭവന നിർമ്മാണ വായ്പ, വിവിധ പെർമിറ്റുകളുടെ നൽകൽ ഇവയ്ക്ക് മിശ്രവിവാഹിതർക്ക് മുൻഗണനയുണ്ടായിരിക്കുന്നതാണ്.

(3) മിശ്രവിവാഹത്തിലേർപ്പെടുന്ന സർക്കാർ അർദ്ധസർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് രണ്ടുമുൻകൂർ ഇൻക്രിമെന്റുകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

6. മിശ്രവിവാഹിതരുടെ കുട്ടികൾക്ക് പഠനം നടത്തുന്ന തലത്തിന്റേയും കോഴ്സിന്റേയും പ്രത്യേകതകൾ കണക്കിലെടുത്ത് സ്കോളർഷിപ്പിനും എല്ലാവിധ ഫീസുകൾ അടയ്ക്കുന്നതിൽനിന്നും ഒഴിവായിരിക്കുവാനും അർഹതയുണ്ടായിരിക്കും.

7. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം .- (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഇപ്രകാരമുണ്ടാക്കുന്ന ഓരോ ചട്ടവും അവയുണ്ടാക്കി കഴിഞ്ഞാലുടൻ തൊട്ടടുത്ത നിയമസഭ സമ്മേളനത്തിൽ സമർപ്പിക്കേണ്ടതാണ്.

നിയമസഭ നിർദ്ദേശിക്കുന്ന ഭേദഗതികളോടെ വേണം പ്രസ്തുത ചട്ടങ്ങൾ നടപ്പിലാക്കേണ്ടത്. ചട്ടങ്ങൾ നിയമസഭ നിരാകരിച്ചാൽ നടപ്പിലാക്കുവാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശ കാരണങ്ങളുടെ വിവരണം

നൂറ്റാണ്ടുകളായി കേരളത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്നു വിഭിന്നമായി ജാതിജന്യമായ മാമൂലുകളും അതനുസരിച്ചുള്ള തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും തീവ്രതയോടെ നിന്നുപോന്നു. ഉൽപ്പതൃഷ്ണുക്കളായ സാമൂഹ്യ പരിഷ്കർത്താക്കൾക്ക് കേരളത്തെ ഭ്രാന്താലയമെന്ന് വിശേഷിപ്പിക്കേണ്ട അവസ്ഥയാണ് നിലനിന്നത്.

ഇന്നലെകളുടെ സാമുദായിക ജാതീയ കാർക്കശ്യതകൾക്ക് വിദേശമിഷനറിമാരുടെ വരവോടെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ സർവ്വത്രകതയിലൂടെയും ശ്രീ. നാരായണഗുരു, ശ്രീ. ചട്ടമ്പിസ്വാമികൾ തുടങ്ങിയ യുഗപ്രഭാവന്മാരുടെ ശക്തമായ സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾമൂലവും ലാഘവത്വം വന്നിട്ടുണ്ട്. എന്നാലടുത്തകാലത്തായി പ്രതിലോമകത ശക്തമായ തിരിച്ചുവരവ് നടത്തുന്നതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. മതാചാരങ്ങൾക്കോ ജാത്യാചാരങ്ങൾക്കോ വിരുദ്ധമായി നിയമപരമായി വിവാഹിതരാകുന്നവരെ ഒറ്റപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഏറിവരുന്നു. മിശ്രവിവാഹത്തിലേർപ്പെടുന്നവരെ സാമൂഹ്യമായി ബഹിഷ്ക്കരിക്കുകയും യാതനകൾക്ക് പാത്രീഭൂതരാക്കി വിവാഹബന്ധം ശിഥിലമാക്കി അതുവഴി മിശ്രവിവാഹങ്ങൾ പരാജയമെന്ന് വരുത്തിത്തീർക്കാനുള്ള ഗൂഢതന്ത്രം യാഥാസ്ഥിതിക വിഭാഗങ്ങൾ നടത്തുന്നത് തടയുവാൻ മിശ്രവിവാഹങ്ങളെ നിയമംമൂലം പ്രോത്സാഹിപ്പിക്കേണ്ടതും മിശ്രവിവാഹിതർക്ക് സംരക്ഷണവും ആനുകൂല്യങ്ങളും നൽകേണ്ടതുമുണ്ട്.

ഉപരി പരമാർശിത ലക്ഷ്യങ്ങൾ സാദ്ധ്യത പ്രായമാക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ

ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകളനുസരിച്ച് മിശ്രവിവാഹിതർക്ക് സംരക്ഷണവും ആനുകൂല്യങ്ങളും നൽകേണ്ടതുണ്ട്. ജീവനക്കാർക്ക് മുൻകൂർ ഇൻക്രിമെന്റിനും ബില്ലിൽ വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് ഓരോ വർഷവും നടക്കുന്ന മിശ്രവിവാഹത്തെപ്പറ്റി വ്യക്തമായ കണക്കുകൾ എടുത്താൽ മാത്രമേ ഇക്കാര്യത്തിൽ എത്രമാത്രം സാമ്പത്തിക ബാദ്ധ്യതയുണ്ടാകുമെന്ന് തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭച്ചെലവുകൾക്കായി 20 ലക്ഷം രൂപയുടെ സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

ഏൽപ്പിച്ചു കൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ഈ ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 7-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. നിയമത്തിൽ പറഞ്ഞിട്ടുള്ള ഭരണകാര്യങ്ങൾ നടത്തുന്നതിന് വ്യവസ്ഥയുണ്ടാക്കാൻ നിയമത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഭരണപരമായ സ്വഭാവത്തോടുകൂടിയതാണ്. ഈ ആക്ടിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. നിയമനിർമ്മാണാധികാരം ഏൽപ്പിച്ചു കൊടുക്കൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി.പി. സുലൈമാൻ റാവുത്തർ, എം.എൽ.എ

LIBRARY ARCHIVES Kerala Legislative Assembly